(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

ശ്രദ്ധക്ഷണിക്കൽ

നിർമ്മാണപ്രവർത്തനങ്ങൾക്കും മരം മുറിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കഴിഞ്ഞ 18-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ പീരുമേട് എം.എൽ.എ., ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ., സഖാവ് എം. എം. മണി എം.എൽ.എ., എം.പി. തുടങ്ങിയവരുൾപ്പെടെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. നിയമവിരുദ്ധമായി ചില ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ആ പ്രദേശത്ത് പ്രത്യേകമായി ഒരു ഭരണനിർവ്വഹണം നടത്തുന്നതുമായി ബന്ധപ്പെട്ട സങ്കീർണ്ണമായൊരു പ്രശ്നമാണിത്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണമെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ റവന്യൂവകുപ്പുമന്ത്രി മറുപടി പറയാൻ തയ്യാറായതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. പക്ഷേ പ്രത്യേക മേഖലയായതിനാൽ വൈദ്യുതി നൽകരുത്, കക്കൂസ് പണിയരുത് എന്നൊക്കെയുള്ള പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില കാരണങ്ങൾ

ബോദ്ധ്യപ്പെടുത്തിക്കൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചിരിക്കുന്നത്. ഞങ്ങളാരും പരിസ്ഥിതിക്കെതിരും ബഹുനിലകെട്ടിടങ്ങളുള്ളവരുമല്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുന്ന അവസരത്തിൽ നാലേക്കർ സ്ഥലത്തിന് ഉപാധിരഹിത പട്ടയം നൽകുമെന്നും ദേവികുളം, ഉടുമ്പൻചോല, ചിന്നക്കനാൽ, കെ.ഡി.എച്ച്., ശാന്തൻപാറ, വെള്ളത്തൂവൽ, പള്ളിവാസൽ, ആനവരട്ടി, സൈലന്റ് വാലി, ആനവിലാസം തുടങ്ങിയ വില്ലേജുകളിൽ ചെറിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് പോലും അനുവാദമില്ലാത്ത സാഹചര്യത്തിൽ അതിനുള്ള സാധ്യത വെളിവാകുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് എത്തിച്ചേർന്ന അവസരത്തിൽ ഇതിനെല്ലാം വിരുദ്ധമായി ജില്ലാകളക്ടർ ശ്രീ. കൗശിഗൻ, ഐ.എ.എസ്. നൽകിയ ഉത്തരവും ഇപ്പോൾ ദേവികുളം സബ്കളക്ടർ ഉൾപ്പെടെയുള്ളവരും ആ മേഖലയിൽ നടത്തുന്ന ചില നിർവ്വഹണങ്ങൾ പൂർണ്ണമായും അപ്രായോഗ്യമായി ജനജീവിതത്തെ സ്തംഭനാവസ്ഥയിൽ കൊണ്ടെത്തിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ ഈ പ്രദേശമെല്ലാം കേരളത്തിന്റെ ഭാഗമാണ്. കേരളത്തിൽ 1964-ലുള്ള എൽ.എ. പട്ടയത്തിന്റെയും ലാന്റ് റവന്യൂ ബോർഡ് ഉൾപ്പെടെയുള്ള ചില ഉത്തരവുകളുടെ അടിസ്ഥാനത്തിലും 1959-ലെ ബി.എൽ.ആർ.ബി 3, 57 ഉം 59-

ലെയും ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരളത്തിലുടനീളം എൽ.എ. പട്ടയത്തിന് എന്താണോ വ്യവസ്ഥ ആ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അവിടെയുള്ളവരുടെ ജീവിതം. അവിടെ ജീവിക്കുന്നവർ അവിടെ ജനിച്ചവരായും അതുപോലെ രാജാക്കന്മാരുടെ കാലത്തുപോലും അവിടെ കൃഷിക്കുവേണ്ടി പ്രത്യേകമായി പട്ടയം നൽകി അയച്ചിട്ടുള്ളതും പട്ടയദാനമുള്ള കാലത്ത് അവിടെ പട്ടയം നൽകി കോളനി പ്രദേശങ്ങൾ നൽകിയിട്ടുള്ളതും ഞങ്ങളടക്കമുള്ളവരുടെ മുൻഗാമികൾ തോട്ടം തൊഴിലാളികളായി എത്തിച്ചേർന്നിട്ടുള്ളവരുടെ ജീവിതമാണ് അവിടെയുള്ളത്. അവരെയെല്ലാം ഒരു സുപ്രഭാതത്തിൽ ഈ പ്രദേശംവിട്ട് പോകണമെന്ന് പറയാതെ ഒരു ഉത്തരവ് ഇറക്കിയാൽ അത് ഏത് നിയമത്തിലുള്ളതാണെന്നാണ് ഞാൻ ഈ അവസരത്തിൽ ചോദിക്കാൻ ആഗ്രഹിക്കുന്നത്. 2010-ൽ യാതൊരു നിയമത്തിന്റെയും പിൻബലമില്ലാതെ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉത്തരവ് ഇറക്കുകയും ഒരു ഡയറക്ഷൻ കൊടുക്കുകയും ചെയ്തു. ശ്രീമതി നിവേദിത പി. ഹരൺ ഐ.എ.എസ്.-ന്റെയും ശ്രീ. രാജൻ മധേക്കറിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഒരു പരാമർശമാണ് ആ ഡയറക്ഷന്റെ പിൻബലം. 2010 ജനുവരി 21-നാണ് ആ പരാമർശമുണ്ടായത്. 2016 വരെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രശ്നവുമുണ്ടായിരുന്നില്ല.

അതാണ് ഇവിടത്തെ പ്രശ്നം. ഹൈക്കോടതി ഉത്തരവ് ഇറങ്ങിയതിനുശേഷം 5 വർഷക്കാലം യാതൊരു പ്രശ്നവുമില്ലാത്ത സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ ജനതയ്ക്ക് എൽ.ഡി.എഫ്. ഗവൺമെന്റിനോട് ഉണ്ടായിരുന്ന അഭിപ്രായത്തിന് വിരുദ്ധമായി ചില ഐ.എ.എസ് ഉദ്യോഗസ്ഥർ...... ഐ.എ.എസ്. എന്നുപറഞ്ഞാൽ എന്താണ്? ഇതൊന്നും ലോകത്ത് വേറാരും പഠിക്കാത്തപോലെയാണ് ഉദ്യോഗസ്ഥന്മാരുടെ നിയമവിരുദ്ധമായ പെരുമാറ്റം. ഗവൺമെന്റിനോട് ആലോചിക്കാതെ, ഗവൺമെന്റിന്റെ ഉപദേശം തേടാതെ ഒരു ഹൈക്കോടതി ഉത്തരവുണ്ടായാൽ മേലുദ്യോഗസ്ഥന്മാരോടും, ഗവൺമെന്റിനോടും, ജനാധിപത്യവ്യവസ്ഥയോടും അഭിപ്രായങ്ങൾ ആരായാതെ.... ആരാണ് ഈ കൗശിഗൻ, അദ്ദേഹം ഐ.എ.എസ്. ആണെങ്കിൽ അദ്ദേഹത്തിന്റെ പഠനത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. പക്ഷേ അദ്ദേഹം ചെയ്തത് എന്താണ്? 8 വില്ലേജുകളിൽ നിർമ്മാണപ്രവർത്തനം പാടില്ല എന്നുള്ള ഉത്തരവിറക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇവിടെ പൗരാവകാശം നിലനിർത്താൻ അവകാശപ്പെട്ടവർ അതിനുവിരുദ്ധമായി ഒരു ഉത്തരവ് താഴെത്തട്ടിൽ നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ 30 വർഷങ്ങൾക്കുമുമ്പ് പണിത കെട്ടിടങ്ങൾക്ക് പ്ലമ്പിംഗ് വർക്കും സാനിട്ടേഷനും മെയിന്റനൻസുമൊന്നും പാടില്ലെന്ന് പറഞ്ഞ് വില്ലേജ് ഓഫീസർ,

തഹസീൽദാർ ഉൾപ്പെടെയുള്ളവർ അവിടെ നിരോധനം ഏർപ്പെടുത്തുകയാണ്. എന്നാൽ കാശ് കൊടുത്താൽ കാര്യം നടക്കും. റവന്യൂ വകുപ്പ് ഇപ്പോൾ അത്തരം നിലപാടുകളോട് അനുകൂലിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് റവന്യൂ വകുപ്പിനോട് ഞങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരുന്നു. അപ്പന്റെ മക്കൾ മക്കളല്ലാതെ ആകുമോ, പിൻഗാമികളല്ലാതെ ആകുമോ, അവരെ ജീവിക്കാൻ അനുവദിക്കണ്ടേ? ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടും ശ്രീ. രാജൻ മധേക്കറിന്റെ റിപ്പോർട്ടും തുടങ്ങിയ ഒരുപാട് ആളുകളുടെ പ്രശ്നം ഹൈക്കോടതിയിൽ എത്താൻ എന്താണ് കാര്യം? ഇവിടെ ബഹുമാന്യനായ പി. ടി. തോമസ് ഉണ്ട്. ഞാൻ അദ്ദേഹത്തിന്റെ സുഹൃത്താണ്. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. വി. ജോൺ എന്ന ആൾ ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വേറൊരാളും പരാതി കൊടുത്തു. ഈ രണ്ടു ആളുകളുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2010-ൽ ഹൈക്കോടതി ഒരു ഉത്തരവിറക്കി. ഒരു ജനാധിപത്യ ഗവൺമെന്റ് ഉള്ളപ്പോൾ ഒരു ആലോചനയുമില്ലാതെ, ഉപദേശം തേടാതെ ജില്ലാകളക്ടറായിരുന്ന ശ്രീ. കൗശിഗൻ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ഒരു ഉത്തരവ്

ഇറക്കുകയാണുണ്ടായത്. ഇത് ഗവൺമെന്റ് അറിയണം എന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. ജനാധിപത്യ വ്യവസ്ഥയിൽ, ജനാധിപത്യപരമായി ഈ റിപ്പോർട്ടുകൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുകയും ചെയ്താൽ ഞങ്ങൾക്ക് പ്രയാസമുണ്ടാകില്ല. അത് എന്താണെന്നുള്ളത് ഞങ്ങൾക്കും കൂടി അറിയണം. ഇത് വളരെ സങ്കീർണ്ണമായ പ്രശ്നമാണ്. ഈ പ്രശ്നത്തിൽ ഇത്തരത്തിലുള്ള ഒരു നിയമം നിലനിൽക്കുമ്പോൾ ഇതിനെതിരെ നടപ്പിലാക്കുന്ന ചില ഉത്തരവുകൾ പിൻവലിക്കണം. ആ ഉത്തരവ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് പിൻവലിക്കാൻ പ്രയാസമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ വിഷയം ചർച്ച ചെയ്ത് നിലപാട് സ്വീകരിക്കണം. 2010 മുതൽ 2016 ജൂൺ വരെയുണ്ടായ തുടർച്ച അതുപോലെ തുടർന്നുപോകണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. അതിന്റെ ഭാഗമായി കുറേയേറെ പ്രശ്നങ്ങൾ ഇവിടെയുണ്ട്. ഒരു ഐ.എ.എസ്. കാരനായ കളക്ടർ ഗവൺമെന്റിലേക്ക് ഉപദേശം നൽകിയിരിക്കുന്നു. സാധാരണ ഗതിയിൽ ഗവൺമെന്റാണ് നിയമവും ഉത്തരവും ഉപദേശവും നടപ്പിലാക്കുക. നിയമസഭയിൽ നിയമമാക്കാതെ അതിന്റെ ഭാഗമായുള്ള ഉത്തരവുകളില്ലാതെ ഊഹാപോഹത്തിൽ ഒരു എൽ.ഡി. ക്ലർക്ക് കളക്ടേറ്റിൽ എഴുതിത്തന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ

അങ്ങനെയൊരു ഉത്തരവ് നടപ്പിലാക്കിയതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. എങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ മാനിക്കുന്നു. ഇപ്പോഴും അവിടെ ഭൂമിക്ക് വിലയില്ലാത്തതിനാൽ വിവാഹങ്ങൾപോലും നടത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അവിടെ ഭൂമിയുടെ ക്രയവിക്രയം നടക്കുന്നില്ല. അഞ്ചുനാട് പ്രദേശത്ത് 400 വർഷത്തിലേറെയായി ആളുകൾ താമസിക്കുന്നുണ്ട്. രാജാക്കൻമാരുടെ കാലം മുതൽ അവിടെ എണ്ണായിരത്തിലധികം പേർ തണ്ടപ്പേരുള്ളവരാണ്. അവരുടെ തണ്ടപ്പേർ പരിശോധിക്കാൻ 120 കിലോമീറ്റർ അകലെയുള്ള ആർ.ഡി.ഒ. ഓഫീസിലേക്ക് വരണമെന്നാണ് ലാൻഡ് ബോർഡ് കമ്മീഷണർ ഉത്തരവിട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇവർ പട്ടയവുമായി എത്തിച്ചേരുമ്പോൾ ആ പട്ടയം വാങ്ങി വയ്ക്കുകയും പട്ടയ ഫയൽ കാണാതെ പോകുകയും ആ കർഷകൻ രേഖയില്ലാതെ തിരികെ പോകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അങ്ങനെ ഭൂമിയും ജീവിതവും നഷ്ടപ്പെടുന്നവരോട് അവിടെനിന്ന് പോകണമെന്ന് ഉത്തരവിലൂടെ പറയാതെ നടപ്പിലാക്കുന്ന ഇത്തരം നടപടിക്രമങ്ങളോട് യോജിക്കാൻ കഴിയില്ല. ആ പ്രദേശവും കേരളത്തിന്റെ ഭാഗമാണ്. കേരളത്തിൽ നമ്മുടെ നിയമസഭാ മന്ദിരം പണിയാനും സെക്രട്ടേറിയറ്റ് പണിയാനും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ബഹുനില കെട്ടിടങ്ങൾ

നിർമ്മിക്കാനും ഹൈക്കോടതി പണിയുവാനും അപ്പാർട്ട്മെന്റ് നിർമ്മിക്കാനുമുള്ള അവകാശം എൽ.എ. പട്ടയത്തിലും സർക്കാർ രേഖയിലും ഒന്നുതന്നെയാണ്. മുൻ നിയമസഭാംഗമായിരുന്ന ശ്രീ. കെ. കെ. ജയചന്ദ്രനും ശ്രീ. റോഷി അഗസ്റ്റിനുമുൾപ്പെടെ ഞങ്ങൾ 2007-ൽ സഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിൽ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതിന്റെ പേരിൽ മാത്രം എൽ.എ. പട്ടയ നടപടികൾ റദ്ദുചെയ്യാൻ വ്യവസ്ഥയില്ല എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. പട്ടയ ഫയലും പട്ടയങ്ങളുമെല്ലാം പിൻവലിച്ചുകൊണ്ട് അതിനെതിരെ നടപടി സ്വീകരിക്കാനും ഇത്തരത്തിൽ 8 വില്ലേജുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള നടപടി മരവിപ്പിക്കുകയും ചെയ്യണം. ഗവൺമെന്റ് വളരെ സജീവമായ ചർച്ചയ്ക്കുശേഷം മാത്രമേ ഇത് നടപ്പിലാക്കാവൂ എന്നാണ് എന്റെ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ഇവിടെ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ വിഷയത്തിൽ ഇടപെടണം. റവന്യൂ ഡിപ്പാർട്ട്മെന്റിൽ വിശ്വാസക്കുറവില്ല. പക്ഷേ ഞങ്ങളെ ജീവിക്കാൻ അനുവദിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ,

ഇടുക്കി ജില്ല കേരളത്തിന്റെ അവിഭാജ്യ ഘടകമാണ്. അവിടെനിന്ന് ആരെയും ആട്ടിപ്പായിക്കാനുള്ള ഒരു തീരുമാനവും എടുത്തിട്ടില്ല. അത്തരമൊരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കാരണവശാലും ഉണ്ടാവുകയില്ല എന്നതാണ് ആദ്യമായി പറയാനുള്ളത്.

ഇടുക്കി ജില്ലയിൽ മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയിലും വനഭൂമിയിലും ചട്ടവിരുദ്ധമായി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇത് പരിസ്ഥിതിയെയും ഭൂപ്രകൃതിയെയും ഗുരുതരമായി ബാധിക്കുന്നതായും ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുകയും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ കെട്ടിട നിർമ്മാണം നടക്കുന്നില്ലെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. കോടതിയുടെ ഈ ഉത്തരവിനെത്തുടർന്ന് കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി.-ക്കായി ഏതാനും അപേക്ഷകൾ ജില്ലാ കളക്ടർക്ക് ലഭിച്ചിരുന്നു. എന്നാൽ എൻ.ഒ.സി. ഇല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ അനുമതിയില്ലാത്ത എല്ലാ നിർമ്മാണ പ്രവൃത്തികളും ദേവികുളം ആർ.ഡി.ഒ. നിർത്തിവയ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടനിർമ്മാണത്തിനുള്ള എൻ.ഒ.സി. നൽകുന്നതിനുമുമ്പ് നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭൂമി പട്ടയ

വസ്തുവാണോയെന്നും പട്ടയവസ്തുവാണെങ്കിൽ അത് വ്യാജപട്ടയമല്ലെന്നും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരിക്കൽ പ്രത്യേക ചട്ടപ്രകാരവുമാണ് ഭൂമി പതിച്ചുനൽകുന്നത്. 1964-ലെ ഭൂമി പതിവ് ചട്ടത്തിൽ കൃഷിക്കും വീട് വച്ച് താമസിക്കുന്നതിനും തൊട്ടടുത്തുള്ള പട്ടയ വസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിനുമാണ് സർക്കാർ ഭൂമി പതിച്ചുനൽകുന്നത്. 1993-ലെ ചട്ടത്തിൽ ചെറിയ കടമുറി നിർമ്മാണത്തിനും ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തൊട്ടടുത്തുള്ള പട്ടയവസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിന് ഭൂമി പതിച്ചുനൽകാൻ ടി ചട്ടത്തിൽ വ്യവസ്ഥയില്ല. എന്നാൽ വ്യവസ്ഥകളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടാണ് മൂന്നാർ മേഖലയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിൽ കോടികൾ മുതൽമുടക്കിയുള്ള റിസോർട്ടുകളും ഹോട്ടലുകളും ബഹുനില വ്യാപാര സമുച്ചയങ്ങളുമുണ്ട്. അതീവ പരിസ്ഥിതി ദുർബല പ്രദേശമായ മൂന്നാറിൽ ഇപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ വളരെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. തേയിലത്തോട്ടങ്ങളും ഏലമല കാടുകളും പോതമേടുകളും കുന്നുകളും നിറഞ്ഞ ഭൂപ്രകൃതിയാണ്

മൂന്നാറിലുള്ളത്. ഇതിൽ കുത്തക പാട്ട വ്യവസ്ഥയിൽ ഏലം കൃഷി ചെയ്യാൻ നൽകിയ ഭൂമിയിൽപോലും ബഹുനില മന്ദിരങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. ഡബ്ല്യൂപി(സി) 1801/2010, 34095/2010 എന്നീ കേസ്സുകളിലെ 21-01-2010-ലെ ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി. നൽകിവരുന്നത്. ഇടുക്കി ജില്ലയിലെ മരംമുറി സംബന്ധിച്ച് - വനേതര പ്രദേശങ്ങളിലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹന ആക്റ്റ് 2005 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിലെ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. മറ്റ് പ്രദേശങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് നിയമ തടസ്സമില്ലാത്തതുമാണ്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കൊട്ടാക്കമ്പൂർ, മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, അഞ്ചുനാട് പ്രദേശം എന്നീ വില്ലേജുകളിലെ എല്ലാ തണ്ടപ്പേരുകളുടെയും കൃത്യത സംബന്ധിച്ച് വിശദമായ പരിശോധന നടത്തുവാനും ഇപ്രകാരമുള്ള പരിശോധന പൂർത്തിയാകുന്നതുവരെ ടി വില്ലേജുകളിലെ എല്ലാ പ്രദേശത്തുനിന്നും ഗ്രാന്റീസ് മരം മുറിച്ചുമാറ്റുന്നതിന് സ്റ്റേ ചെയ്തുകൊണ്ട് 16.02.2015-ലെ ജി.ഒ.(എം.എസ്) നം. 29/2015/ആർഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ

ശ്രീ. ചിന്നദുരൈ ബാബു മുതൽ 21 പേർ ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യൂ.പി(സി) 9245/15(ഇ) കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവാകുകയും ടി കേസ് ഹൈക്കോടതിയിൽ നിലനിൽക്കുകയുമാണ് ചെയ്യുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ ശ്രദ്ധ ക്ഷണിക്കലിന് ലഭിക്കേണ്ട മറുപടിയുമായി അങ്ങയുടെ മറുപടി യോജിക്കുന്നില്ല. എന്റെ ശ്രദ്ധക്ഷണിക്കൽ, നിവേദിത പി. ഹരന്റെയും രാജൻ മധേക്കറുടെയും പിൻബലത്തിൽ കോടതി ഉത്തരവിന്റെ ഭാഗമായി വന്ന ഡയറക്ഷൻ ഗവൺമെന്റുമായി ആലോചിക്കാതെ കളക്ടർമാരും ലാൻഡ് ബോർഡ് കമ്മീഷണറും തന്നിഷ്ടപ്രകാരം നടപ്പിലാക്കുന്ന നടപടിക്രമങ്ങൾ താല്ക്കാലികമായി നിർത്തിക്കൊണ്ട് ഗവൺമെന്റുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കണം എന്നതാണ്. എങ്ങനെയുള്ള നടപടികൾക്കും വിധേയരാകാൻ ഞങ്ങൾ തയ്യാറാണ്. അതിനുമുമ്പ് ഗവൺമെന്റ് ജനവിരുദ്ധ നിലപാട് സ്വീകരിക്കുന്നു എന്നതാണ് വിഷയം. അവിടെ കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും ഞങ്ങൾ എതിരല്ല. അവിടെയുള്ള ബഹുനില കെട്ടിടങ്ങൾ ഞങ്ങളുടേതല്ല. 2010 മുതൽ 2016 വരെ ബഹുനില കെട്ടിടങ്ങൾ

പണിയാം. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാൽ പണിയരുത്. ഇത് എന്ത് ന്യായമാണ്. 2010-ൽ കോടതി വിധി വന്നതല്ലേ. ഇത് വായിക്കാനും മനസ്സിലാക്കാനും കഴിവില്ലാത്ത ഉദ്യോഗസ്ഥൻമാർ എന്തെങ്കിലും കഥ പറഞ്ഞാൽ അത് കേൾക്കാനും അതിനോട് യോജിക്കാനും കഴിയില്ല. 2010 മുതൽ 2016 വരെയുണ്ടായിരുന്ന സ്ഥിതി വീണ്ടും തുടരണം. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് ആലോചിക്കണം. അതിനുശേഷം ഇത്തരത്തിലുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാം. ഐ.എ.എസ്. പഠിക്കുന്നത് വൈദ്യുതി കൊടുക്കരുതെന്നോ കക്കൂസ് പണിയരുതെന്നോ പറയാനല്ല. ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് വീണ്ടും ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ വിഷയത്തിൽ ഇടപെടണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആവശ്യമെങ്കിൽ ഈ വിഷയം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതിന് യാതൊരു വിഷമവുമില്ല. ഈ വിവരം നേരത്തെതന്നെ ബന്ധപ്പെട്ട ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 2010-ൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് ഇവിടെ

നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്തുകൊണ്ടാണ് ഇത് നടപ്പാക്കാതിരുന്നത് എന്ന ചോദ്യമല്ല, നിലവിലുള്ള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കാനുള്ള നിർദ്ദേശം മാത്രമാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

(2) വയോജനക്ഷേമം

ഡോ. എം. കെ. മുനീർ: സർ, അത്യന്തം ഗൗരവതരമായ ഒരു വിഷയത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന വ്യക്തിയെന്നുള്ള നിലയിൽ തികഞ്ഞ കുറ്റബോധത്തോടുകൂടിത്തന്നെയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. കാരണം, ഞാനടക്കം ഈ വിഷയത്തിൽ തെറ്റുകാരാണ്. നമ്മളെല്ലാം നമുക്കുചുറ്റും നടക്കുന്ന കാര്യങ്ങളെന്താണെന്ന് ഗ്രഹിക്കാത്തവരാണ്. പലതും നമ്മുടെ ശ്രദ്ധയിലേയ്ക്ക് വരുന്നില്ലെന്നുള്ളതാണ് സത്യം. വാർദ്ധക്യം ഒരു ശാപമാണെന്ന് വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം അച്ഛനമ്മമാരെ വൃദ്ധസദനങ്ങളിലാക്കി, അവർ അവിടെ സുരക്ഷിതരാണെന്ന്

കരുതി സ്വന്തം ഔദ്യോഗിക ജീവിതവുമായി കഴിയുന്ന മക്കൾക്കുള്ള താക്കീതുകൂടിയായി ഈ ശ്രദ്ധക്ഷണിക്കൽ മാറണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയം അവതരിപ്പിക്കേണ്ടതുണ്ടോ എന്ന് വളരെയധികം ആലോചിച്ചു. കേരളത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും സമൂഹത്തിന്റെ വൈകൃതങ്ങളെക്കുറിച്ചും ലോകം മുഴുവൻ അറിയേണ്ടതുണ്ടോ എന്ന് ആലോചിച്ചെങ്കിലും ഇത് പുറംലോകത്തോട് പറഞ്ഞില്ലെങ്കിൽ പല മക്കളും തന്റെ രക്ഷിതാക്കൾക്ക് ശാരീരികമായും മാനസികമായും ഏൽക്കുന്ന പീഡനങ്ങൾക്ക് കാരണക്കാരായി മാറുന്ന അവസ്ഥയുണ്ടാകും. ഒരുകൂട്ടം സാമൂഹ്യ പ്രവർത്തകർ കഴിഞ്ഞ കുറച്ച് നാളുകളായി നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് അവരുടെ പേരുകൾ വച്ചുതന്നെ എനിക്ക് നൽകുകയുണ്ടായി. ഇക്കാര്യങ്ങൾ എവിടെവന്ന് പറയാനും തയ്യാറാണെന്നും അവർ അറിയിക്കുകയുണ്ടായി. ഇത് വൃദ്ധസദനങ്ങളിൽ മാത്രമല്ല, നമ്മുടെ വീടുകളിലും നടന്നുകൊണ്ടിരിക്കുന്ന ദുരന്തമാണ്. തലസ്ഥാന നഗരത്തിന് സമീപമുള്ള മുരുക്കുംപുഴ എന്ന സ്ഥലത്ത് 85 വയസ്സുകാരിയായ അമ്മയ്ക്ക് പീഡനം ഏൽക്കേണ്ടിവന്നത് അവരുടെ മൂത്തമകളുടെ ഭർത്താവിൽ നിന്നാണ്. മക്കളെല്ലാം ജോലിക്ക് പോകുമ്പോൾ വീട്ടിൽ എത്തുന്ന മരുമകൻ 85 വയസ്സുള്ള

അമ്മൂമ്മയെ നിരന്തരമായി പീഡിപ്പിക്കുകയാണ്. എന്നാൽ കുടുംബത്തിലും സമൂഹത്തിലും ഏറെ മാന്യനായി അറിയപ്പെടുന്ന ഈ വ്യക്തിയെ സംബന്ധിച്ച് മകളോട് അമ്മ പറയുമ്പോൾ അമ്മയ്ക്ക് മാനസിക വിഭ്രാന്തിയാണെന്നാണ് മകളടക്കം പരാതിപ്പെടുന്നത്. ചിറയിൻകീഴ് എന്ന സ്ഥലത്ത് നടന്നത് ഇതിലും ഞെട്ടിക്കുന്ന സംഭവമാണ്. അവിടെയുള്ള അമ്മൂമ്മയ്ക്ക് പീഡനം ഏൽക്കേണ്ടിവന്നത് സ്വന്തം പേരക്കുട്ടിയായ 19 വയസ്സുകാരനിൽ നിന്നാണ്. പേരക്കുട്ടി പീഡിപ്പിക്കുന്ന വിവരം ഒരിക്കലും പുറത്തുപറയാൻ അമ്മൂമ്മ ആഗ്രഹിച്ചിരുന്നില്ല. അവസാനം അവരെ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ ശരീരമാസകലം കടിയേറ്റ പാടുണ്ടായിരുന്നു. തിരിച്ച് വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ എന്റെ കൊച്ചുമകൻ എന്നെ കടിക്കുമെന്ന് പറഞ്ഞ് ബഹളം വച്ചുവെന്നാണ് പറയുന്നത്. ഇതുപോലുള്ള സംഭവങ്ങൾ ധാരാളമുണ്ട്. അതിനപ്പുറം ഇവിടെ സ്വകാര്യമായി നടത്തുന്ന ധാരാളം വൃദ്ധസദനങ്ങളുണ്ട്. അത്തരത്തിലുള്ള ഒരു വൃദ്ധസദനം പരിശോധിച്ചപ്പോൾ, വലിയ കുടുംബത്തിലുള്ള ആളുകൾ വലിയ തുക നൽകി രക്ഷിതാക്കളെ അവിടെയാക്കി വിദേശത്ത് പോകുന്നതായി മനസ്സിലായി. പക്ഷേ, ആ വൃദ്ധസദനത്തിന്റെ അധികാരികൾ ഇവർക്ക് ഡിപ്രഷനുണ്ടെന്ന പേരിൽ

രാത്രികളിൽ സെഡേഷൻ കൊടുത്ത് പുറത്തുനിന്നുള്ള ആളുകൾക്ക് അകത്തുവന്ന് ഇവരെ ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ്. സമൂഹത്തിൽ ഉയർന്ന പദവിയിലുള്ളവരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള ആളുകൾ ഇത്തരത്തിൽ വൃദ്ധസദനത്തിൽ എത്താറുണ്ടെന്നാണ് പറയുന്നത്. വൃദ്ധസദനത്തിൽ എടുക്കുന്നതിനുള്ള കുറഞ്ഞ പ്രായം 65 വയസ്സും കൂടിയ പ്രായം 90 വയസ്സുമാണ്. ഇതിൽ പലപ്പോഴും ലൈംഗിക പീഡനത്തിനിരയാകുന്നത് 90 വയസ്സുള്ള അമ്മൂമ്മമാരാണ്. ഇത്തരത്തിൽ പീഡിപ്പിക്കുന്നവരിൽ പലരും മദ്യത്തിന് അടിമപ്പെട്ടവരോ മറ്റ് ദുശ്ശീലങ്ങളിൽപ്പെട്ടവരോ അല്ല. ഇതിനെ വൈകൃതമെന്ന് മാത്രമേ നമുക്ക് വിളിക്കാൻ സാധിക്കൂ. നമ്മുടെ സമൂഹം ഒരു വലിയ perversion-ലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കുറ്റബോധത്തോടുകൂടി ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നതെന്ന് പറഞ്ഞത്. നമുക്ക് ചുറ്റും നടക്കുന്നതൊന്നും നമ്മൾ അറിയുന്നില്ല. നാലുമാസം മാത്രമായ ഗവൺമെന്റിന്റെ പ്രതിനിധിയായ സാമൂഹ്യനീതി വകുപ്പുമന്ത്രിയെ ഒരിക്കലും കുറ്റപ്പെടുത്തുന്നില്ല. കാരണം അതിനപ്പുറം നിന്നിട്ടും കാണാൻ സാധിക്കാത്ത ആളെന്ന നിലയിലുള്ള വേദന നിങ്ങളുമായി പങ്കുവയ്ക്കുക

മാത്രമാണ്. ഇതൊരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. വൃദ്ധ നയം ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് വൃദ്ധനയത്തിൽപ്പോലും ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതൊന്ന് പരിഷ്കരിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ആർ.ഡി.ഒ.-മാരാണ് വയോജനങ്ങളുടെ പരാതികൾ കേൾക്കുന്നത്. ആർ.ഡി.ഒ.-മാരിൽ പലരും അവർക്ക് കിട്ടിയ പരാതികൾ പരിശോധിക്കാറില്ലെന്ന് ഞാൻ അങ്ങേയറ്റം ലജ്ജയോടുകൂടി പറയുന്നു. ഓരോ ജില്ലയിലും വയോജനങ്ങളായ സ്ത്രീകളുടെ എത്ര പരാതികൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് പരിശോധിക്കണം. ചില ജില്ലകളിൽ വളരെ കൃത്യമായി നോക്കുന്നുണ്ട്. എന്നാൽ മറ്റു ചില ജില്ലകളിൽ 10 മുതൽ 100 വരെ പരാതികൾ കെട്ടിക്കിടക്കുന്നുണ്ട്. ആർ.ഡി.ഒ.-യ്ക്ക് ഇഷ്ടമുള്ള സമയത്ത് ഹിയറിംഗ് നടത്തും. ഇതിൽ പല ഹിയറിംഗുകൾ നടത്തിയതും പരാതിക്കാർ മരിച്ചതിനുശേഷമാണ്. അതിനും ഉദാഹരണം പറയാൻ ഞാൻ തയ്യാറാണ്. നിരന്തരം അവിടെപ്പോയി വേവലാതികൾ പറഞ്ഞിട്ടും സമയമില്ല, തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലാണ് എന്നൊക്കെപ്പറഞ്ഞ് പാവപ്പെട്ട ജനവിഭാഗത്തിന്റെ രോദനം കേൾക്കാൻപോലും മനസ് കാണിക്കാത്ത

ആർ.ഡി.ഒ.-മാരായ ഉദ്യോഗസ്ഥന്മാർ കേരളത്തിലുണ്ട്. അവരെ നിലയ്ക്ക് നിർത്താൻ സാധിക്കണം. ആർ.ഡി.ഒ.-യ്ക്ക് സൗകര്യമില്ലെങ്കിൽ മറ്റാരെയെങ്കിലും നിയമിച്ച് ആഴ്ചതോറും ഹിയറിംഗ് നടത്തി അവരുടെ പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കാൻ സാധിച്ചില്ലെങ്കിൽ നമ്മളോടുതന്നെ ചെയ്യുന്ന അനീതിയായിരിക്കും. വൃദ്ധസമൂഹത്തിന് സാമൂഹ്യനീതി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവർ സംസാരിക്കുന്ന വീഡിയോ ക്ലിപ്പിംഗുകൾ കാണിച്ചുതരികയുണ്ടായി. നമുക്ക് ലജ്ജിക്കാതെ നിർവ്വാഹമില്ല. 90 വയസ്സിൽ ചുക്കിച്ചുളിഞ്ഞ ശരീരത്തിൽ ലൈഗിംകചോദന തോന്നുന്ന 19-20 വയസ്സുകാരന്മാർ സമൂഹത്തിൽ ഇതുപോലെ നിൽക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കണം. എവിടെയാണ് രോഗമെന്ന് ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഓരോരുത്തർ പറഞ്ഞതും നേരിട്ടനുഭവിച്ചതുമായ ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ ദീർഘിപ്പിക്കുന്നില്ല. രാത്രിയിൽ ചില വൃദ്ധസദനത്തിലെ അന്തേവാസികളുമായി സംസാരിച്ചാൽ അവരുടെ നാവ് കുഴയുന്നതായി മനസ്സിലാകും, കാരണം അവർ പൂർണ്ണമായും സെഡേഷനിലാണ്. വൃദ്ധസദനത്തിൽ ഇത്രയും ആളുകളെ നോക്കുന്നതിനായി 25 വയസ്സുകാരിയാണുള്ളത്. അവരെയെന്തിനാണ് അവിടെ

നിയമിച്ചിരിക്കുന്നതെന്ന് അന്വേഷിച്ചപ്പോൾ, അവരാണ് ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കുന്നതെന്ന് മനസ്സിലായി. സ്വകാര്യ വൃദ്ധസദനങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി കർശനമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില സ്ഥലങ്ങളിൽ സ്വകാര്യ വൃദ്ധസദനങ്ങളുടെ പരസ്യം കാണുകയുണ്ടായി. വൃദ്ധരെ ക്ഷണിച്ചുകൊണ്ട് അവരെ സ്വാഗതംചെയ്തുകൊണ്ട് എന്തിനാണ് പല സ്ഥലത്തും പരസ്യം വയ്ക്കുന്നത്? ഗൗരവമുള്ള വിഷയമായതുകൊണ്ടാണ് കൂടുതൽ സമയമെടുത്തത്. സർക്കാർ വൃദ്ധസദനങ്ങൾ സുരക്ഷിതമായി നോക്കേണ്ട ബാധ്യത നമുക്കുണ്ട്. പക്ഷേ സ്വകാര്യ വൃദ്ധസദനങ്ങൾ നടത്തുന്നതിന്റെ പിന്നിലെന്താണെന്ന് വളരെ ഗൗരവമായി പരിശോധിക്കണം. പല മക്കളും എന്ത് ധൈര്യത്തിലാണ് രക്ഷിതാക്കളെ ഇത്തരം സ്ഥാപനങ്ങളിൽ ഏൽപ്പിച്ചുപോകുന്നത്? ഇനിയെങ്കിലും സ്വന്തം അമ്മമാർ വീടുകളിൽ സുരക്ഷിതരാണോയെന്ന്, പ്രത്യേകിച്ച് പെൺമക്കളെങ്കിലും പരിശോധിക്കാൻ മനസ് കാണിക്കുന്നതിന് ഈ ശ്രദ്ധക്ഷണിക്കൽ സഹായകമായെങ്കിൽ എന്റെ ദൗത്യം സഫലമായെന്ന് എനിക്ക് വിശ്വസിക്കാം. മാതൃഹൃദയം കൂടിയുള്ള ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിന് അങ്ങേയറ്റം പ്രാധാന്യം കൊടുക്കണം. ഇക്കാര്യത്തിൽ എന്താണ്

ചെയ്യാൻ സാധിക്കുന്നതെന്ന് മന്ത്രിയുടെ മറുപടിയിലൂടെ കേൾക്കാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ- കുട്ടികളും, സ്ത്രീകളും, പ്രായം ചെന്നവരുമെല്ലാം അനുഭവിക്കുന്ന ഖേദകരമായ ചില സാഹചര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദീകരിച്ചത്. ഇന്നത്തെ ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി ധാരാളം വൈകൃതങ്ങൾ ഈ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രായംചെന്ന ആളുകൾക്കെതിരെ മാത്രമല്ല, കുട്ടികൾക്കുനേരെയും വലിയ അതിക്രമങ്ങൾ തന്നെ നടക്കുന്നുണ്ട്. അതിൽ ലൈംഗികാതിക്രമങ്ങളുമുണ്ട്. ഇത്തരം അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളെയുംകുറിച്ച് പരിശോധിക്കുമ്പോൾ കുടുംബാംഗങ്ങളിൽനിന്നും അത്തരം പീഡനങ്ങൾ ഉണ്ടാകുന്നതായി പലപ്പോഴും റിപ്പോർട്ട് ചെയ്യുന്നുണ്ട്. പൊതുവൽക്കരിച്ച് പറയാൻ സാധിക്കുകയില്ലെങ്കിലും ഇത്തരത്തിലുള്ള അനുഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളത് കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഖേദകരമായ വസ്തുത തന്നെയാണ്. ഇത് പരിഹരിക്കാൻ അടിയന്തരമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിൽ

ബഹുമാനപ്പെട്ട മെമ്പർ തന്നെ ഈ വകുപ്പ് നേരത്തെ കൈകാര്യം ചെയ്ത സമയത്ത് കുറെയേറെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ഒരു 'വയോജന നയം' രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നതിനും തയ്യാറായിട്ടുണ്ട്. എന്നാൽ അതെല്ലാം പ്രാവർത്തിക തലത്തിലേയ്ക്ക് വരുമ്പോഴാണ് നമ്മളാഗ്രഹിക്കുന്ന രീതിയിൽ പ്രാവർത്തികമാകുന്നില്ല എന്ന് കാണുന്നത്. നമ്മുടെ രാജ്യത്തിന്റെയും അതിന്റെയൊരു ഭാഗമായ ഈ സംസ്ഥാനത്തിന്റെയും എക്സിക്യൂട്ടീവ് പൂർണ്ണമായും ഫലപ്രദമല്ല എന്നുള്ളതാണ് ഇത്തരം എല്ലാ കാര്യങ്ങളിലും നമ്മുടെ അനുഭവം. നാം നിർദ്ദേശിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും താഴെത്തലത്തിലെത്തുകയോ ആർക്കാണോ നാം സംരക്ഷണം നൽകാനാഗ്രഹിക്കുന്നത് അവരിലേയ്ക്ക് ആ സംരക്ഷണം പൂർണ്ണമായും എത്തിച്ചേരുകയോ ചെയ്യുന്നില്ല എന്നുള്ള വസ്തുതയുണ്ട്. ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചിൽഡ്രൻ ഹോം അടക്കം 78 ഹോമുകളാണ് ആകെയുള്ളത്. ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള വൃദ്ധസദനങ്ങളിൽനിന്ന് ഇത്തരത്തിലുള്ള ലൈംഗിക ചൂഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ഗവൺമെന്റിന്റെ കയ്യിൽ രേഖാമൂലമുള്ള അത്തരം തെളിവുകളില്ല. സ്വകാര്യ സ്ഥാപനങ്ങളിൽ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർതന്നെ ചില ഏജൻസികൾ നടത്തിയ പരിശോധനയുടെ ഭാഗമായി അത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതായി സൂചിപ്പിച്ചു. അത് നിഷേധിക്കാനാവുന്നതല്ല. എന്നാൽ ഗവൺമെന്റിന്റെ കയ്യിൽ അത്തരത്തിലുള്ള പരാതി രേഖാമൂലം ലഭിച്ചിട്ടില്ല. എങ്കിലും അത്തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കുന്നുവെന്നുള്ളത് നമുക്ക് അംഗീകരിക്കേണ്ടതായി വരും. സ്വന്തം ഭവനത്തിൽ കഴിയുമ്പോൾപോലും ഒരമ്മയ്ക്ക് കുടുംബാംഗങ്ങളുടെയും ചിലപ്പോൾ സാമൂഹ്യവിരുദ്ധരുടെയും ആക്രമണങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ ഈ ആക്രമണത്തിന്റെ ഭാഗമായി കൊലചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം പരിഹരിക്കാൻ നമ്മുടെ മുന്നിൽ 2008-ൽ പാസ്സായ മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമത്തിനും പരിരക്ഷയ്ക്കുമുള്ള നിയമമാണ് ഒന്നാമതായിട്ടുള്ളത്. ഈ നിയമത്തിന് 2009-ൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ പരിരക്ഷയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തികൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായും നിശ്ചയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നിയമത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് എഫ്.എം. റേഡിയോവഴി പരസ്യം നൽകാറുണ്ട്. വയോജന ദിനത്തോടനുബന്ധിച്ച് എല്ലാവർഷവും ബോധവൽക്കരണവും നടത്താറുണ്ട്. പക്ഷെ, ഈ ബോധവൽക്കരണവും നിർദ്ദേശവും പൂർണ്ണമായും പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള പല പ്രശ്നങ്ങളും നമ്മളോട് പറയുന്നത്. മക്കളിൽനിന്ന് പരിരക്ഷ ലഭിക്കാത്ത മാതാപിതാക്കൾക്ക് സ്വമേധയാ അധികാരപ്പെടുത്തിയിട്ടുള്ള സംഘടനവഴിയോ ട്രൈബ്യൂണലിൽ നേരിട്ടോ മക്കൾക്കെതിരെ കേസ് ഫയൽ ചെയ്യാവുന്നതാണ്. വയോജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ രൂപീകരിച്ചതായി ഞാൻ പറഞ്ഞു. വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി 'വയോജന സുരക്ഷാ പദ്ധതി' ആഭ്യന്തര വകുപ്പിൽ ആരംഭിക്കുന്നതിന്റെ സൂചന ഇത്തരം നയത്തിന്റെ ഭാഗമായാണ്. കേരള പോലീസിന്റെ കീഴിൽ വയോജനങ്ങളുടെ പരാതികളും നിവേദനങ്ങളും ഓൺലൈൻ വഴി സ്വീകരിക്കുന്നതിനും ആയതിന് പരിഹാരം കാണുന്നതിനും പ്രതിപാദിച്ചിട്ടുണ്ട്.

എൽഡർലൈൻ നെറ്റ്‌വർക്കുവഴി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഡി.ജി.പി. ഒരു സർക്കുലർതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ വളരെ വ്യക്തമായി എന്തുചെയ്യണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാർ വയോജനങ്ങളുടെ ഒരു രജിസ്റ്റർ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കണമെന്നും സാധിക്കുമെങ്കിൽ ഒരു സാമൂഹ്യക്ഷേമ ഓഫീസറുടെ സഹായത്തോടുകൂടി വയോജനങ്ങളെ ഇടയ്ക്കിടെ സന്ദർശിക്കണമെന്നും പ്രതിമാസം പോലീസ് ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട്, ആരെങ്കിലും ഉപദ്രവിക്കപ്പെട്ടിട്ടുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പീഡനം അനുഭവിക്കുന്നുണ്ടോ എന്നുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. പക്ഷെ, ഇത് ചിലയിടത്ത് നടന്നേക്കാം, പൂർണ്ണമായും അതൊന്നും പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡ് ഇതു സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനകത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തകർ, അതുപോലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഈ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധിക്കണമന്നും അവിടെ ഈ പറഞ്ഞ യാതൊരു തരത്തിലുള്ള

ദ്രോഹവും ഇല്ലാ എന്ന് ഉറപ്പുവരുത്തിയിട്ട് മാത്രമെ ഈ സ്ഥാപനങ്ങളുടെ അംഗീകാരം പുനഃസ്ഥാപിക്കാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പറയുന്ന കാര്യങ്ങളും പൂർണ്ണമായും ഫലപ്രദമാകുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വൃദ്ധസദനങ്ങൾ നിയന്ത്രിക്കുന്നതിനും അംഗീകാരം നൽകുന്നതിനും സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള ഓർഫനേജ് ബോർഡാണ് പ്രവർത്തിക്കുന്നത്. 577 വൃദ്ധസദനങ്ങൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 17237-ൽ അധികം വൃദ്ധജനങ്ങളെ ഈ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. ഇവരുടെ കാര്യം ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്നാണ് സാമൂഹ്യനീതി വകുപ്പ് കരുതുന്നത്. ഇത്തരം കെട്ടിടങ്ങൾക്ക് അനുവാദം കൊടുക്കുന്ന സമയത്ത് പലതും പരിശോധിക്കാനുണ്ട്. സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ ഫിറ്റ്നസ്, കിടപ്പുമുറികളുടെ സംവിധാനം, അന്തേവാസികൾക്ക് ലഭിക്കുന്ന പരിചരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, ഇതെല്ലാം പരിശോധിച്ചതിനുശേഷമാണ് ഇതിന് അംഗീകാരം നൽകുന്നത്. പക്ഷെ ഇതെല്ലാം പലപ്പോഴും സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി കാണുന്നു. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ

അവസാനിപ്പിക്കാം. ഇത് മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. ഞാൻ ചുമതല ഏറ്റെടുത്തിട്ടും ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ടും നാല് മാസമേ ആയിട്ടുള്ളൂ. പക്ഷെ അതിനിടയിൽത്തന്നെ സാമൂഹ്യനീതി വകുപ്പിന്റെ പ്രത്യേക മീറ്റിംഗുകൾ ചേരുകയും വയോജനങ്ങൾക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നേതൃത്വത്തിൽ ചില പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിലൊന്ന് വയോജനങ്ങളുടെ രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമാവശ്യമായ 'വയോമിത്രം പ്രോജക്ട് കേരളത്തിലെ മുഴുവൻ മുൻസിപ്പാലിറ്റികളിലും ആരംഭിക്കാൻ ഇപ്പോൾ തീരുമാനമെടുത്തുകഴിഞ്ഞു. അതുപോലെ ആശുപത്രികൾ വയോജന സൗഹൃദമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ഈ വർഷംതന്നെ ജെറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും അവിടെ ആവശ്യപ്പെടുന്നവർക്ക് ആവശ്യമായത്ര പരിചരണം നൽകാനും തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ അവരുടെ ആരോഗ്യപ്രശ്നങ്ങളായ തിമിരം, ഡിമെൻഷ്യ തുടങ്ങിയവ പരിശോധിക്കുന്നതിനും അതിന് ചികിത്സയും പരിചരണവും നൽകുന്നതിനുമുള്ള

പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഒരു പ്രത്യേക സംഘത്തെ പരിശോധനയ്ക്കായി, ഈപ്പറയുന്ന സ്വകാര്യ ഏജൻസികളടക്കം പരിശോധിച്ച് നൽകിയ റിപ്പോർട്ടടക്കം പരിശോധിക്കുന്നതാണ്. അതുകൂടാതെതന്നെ ഗവൺമെന്റ്, വയോജനങ്ങളുടെ പ്രശ്നം പഠിക്കുന്നതിനും അതിനൊരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഒരു പ്രത്യേക സംഘത്തെതന്നെ നിശ്ചയിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഗവേണിംഗ് ബോഡി ചേരുന്ന സമയത്തുതന്നെ ഇതിന് തീരുമാനമെടുത്തുകഴിഞ്ഞു. അവരുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അതിനാവശ്യമായ കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പരിപാടികൾ എല്ലാംതന്നെ സർക്കാർ സ്വീകരിക്കുന്നതാണ്. കീഴ്തലത്തിൽ ഇത് നടപ്പിലാകുന്നുണ്ടോയെന്ന് പരിശോധിക്കാനും വയോജന കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും കളക്ടർ ചെയർമാനായ ഒരു സമിതിയുണ്ട്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുണ്ട്. ആ കൗൺസിലിന്റെ പ്രവർത്തനം ശക്തമാക്കാനാണ് ആദ്യംതന്നെ ആലോചിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഏതായാലും വയോജനങ്ങളുടെ കാര്യത്തിൽ പ്രത്യേക

ശ്രദ്ധതന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും സാമൂഹ്യനീതി വിഭാഗത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. കീഴ്തലത്തിൽ അവരുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുകയും കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും. സ്വകാര്യ വൃദ്ധസദനങ്ങൾ എങ്ങനെയാണ് പരിശോധിക്കേണ്ടതെന്ന ഒരു ഗൈഡ്ലൈനും തയ്യാറാക്കിവരുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ സ്വകാര്യ സ്ഥാപനങ്ങളിലും ഇതുസംബന്ധിച്ചുള്ള പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രായംചെന്ന തലമുറയുടെ മാനസികവും ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പം വൃദ്ധസദനങ്ങൾ ആധുനികവത്ക്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ന് പല കെട്ടിടങ്ങളും വൃദ്ധർക്ക് വന്ന് സന്തോഷത്തോടെ താമസിക്കാൻ കഴിയുന്ന രീതിയിലല്ല. വളരെ പ്രാകൃതമായ അവസ്ഥയിലുള്ളവയാണ്. അവിടെ വേണ്ടത്ര സൗകര്യങ്ങളില്ല. വൃദ്ധരുടെ പരിലാളനത്തിനും സംരക്ഷണത്തിനും കഴിയുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളാക്കി ഇവിടെ പറഞ്ഞ 16 വൃദ്ധസദനങ്ങളെയും

ആധുനികവത്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോഴുള്ള ഞെട്ടലിൽനിന്ന് നമുക്കാർക്കും പെട്ടന്ന് മുക്തരാകാനാവില്ല. കാരണം, നാലുമാസം മുമ്പുവരെ സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്ത ആളാണ് അദ്ദേഹം. അദ്ദേഹമാണെങ്കിൽ സമൂഹത്തിൽ മറ്റെല്ലാപേരേയും പോലെയും അതിൽ കൂടുതൽ ഒരു ഡോക്ടറും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്ന ഒരാളുമാണ്. അതീവ ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണിത്. പ്രത്യേകിച്ച് സ്വകാര്യ വയോജന കേന്ദ്രങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ആ പറഞ്ഞതിൽ ഒരു ഭാഗവും അവിശ്വസിക്കേണ്ടതില്ല എന്നാണ് തോന്നുന്നത്. അദ്ദേഹത്തിന്റെ പൂർണ്ണ ബോദ്ധ്യത്തോടെയായിരിക്കും കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതല അന്വേഷണം നടക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിലുള്ള വൃദ്ധസദനങ്ങളെക്കുറിച്ച് ഉന്നതതല അന്വേഷണ സംവിധാനം ഏർപ്പെടുത്തുകയും അതുസംബന്ധിച്ച് അന്വേഷിച്ച് നടപടി എടുക്കുകയും ചെയ്യും.

ഡോ. എം. കെ. മുനീർ: സർ, ഒന്ന് ഇത് രേഖാമൂലം ലഭ്യമായിട്ടില്ലായെന്നു പറഞ്ഞു, അതുകൊണ്ട് ഇതിന്റെ പഠനം നടത്തിയവർ മുഴുവൻ ഒപ്പിട്ടിട്ടുള്ള അവരുടെ

റിപ്പോർട്ട് ഞാൻ മന്ത്രിക്ക് ഉടൻ കൈമാറുന്നതാണ്. രണ്ട്, എത്ര സ്ഥലത്ത് എത്ര കേസ്സുകൾ പെൻഡിംഗ് ഉണ്ട് എന്ന് സാമൂഹ്യനീതി വകുപ്പ് അന്വേഷിച്ചിട്ട് പെൻഡിംഗിൽ വച്ചിട്ടുള്ള ഏത് ആർ.ഡി.ഒ. ആണോ ആ ആർ.ഡി.ഒ.യുടെ പേരിൽ നടപടി എടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വളരെ ആശ്വാസകരമായ മറുപടിയാണ് നൽകിയത്. അദ്ദേഹംകൂടി മുൻകൈയെടുത്തുകൊണ്ട് പെൻഡിംഗ് വച്ചിട്ടുള്ള ആർ.ഡി.ഒ.മാരുടെ പേരിൽ എന്ത് നടപടിയെടുക്കണമെന്ന് തീരുമാനിക്കണം. മൂന്നാമത്തേത്, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഒരു ജാഗ്രതാ സമിതിയെ സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി മാറ്റുന്ന ഒരു ഓർഡിനൻസ് ഇറക്കിയിരുന്നു. അദ്ദേഹം അത് വളരെ താല്പര്യത്തോടുകൂടി കൊണ്ടുവന്നതാണ്. പക്ഷെ അത് ഇലക്ഷന്റെ സമയമായപ്പോൾ ലാപ്സായിപ്പോയി. സ്റ്റാറ്റ്യൂട്ടറി പദവി കൊടുത്ത് അവിടത്തെ ഓരോ വാർഡിലുമുള്ള വാർഡ് മെമ്പർമാരും വനിതാ പോലീസുകാരുമടങ്ങുന്ന സമിതികൾ തൊട്ടടുത്ത് നടക്കുന്ന ഇത്തരം സംഭവങ്ങൾ പരിശോധിക്കാൻ ജാഗ്രതാ സമിതി നിർബന്ധമായും കൂടണമെന്ന ആ ഓർഡിനൻസ് വീണ്ടും ഇഷ്യൂ ചെയ്യുന്നതിനുവേണ്ടി മുഖ്യമന്ത്രി താല്പര്യമെടുത്ത് അത് ക്യാബിനറ്റിൽ ഡിസ്കസ് ചെയ്യണം. ആദ്യം ഓർഡിനൻസ് ആക്കിയിട്ട്, അല്ലെങ്കിൽ നിയമനിർമ്മാണം ചെയ്യുന്നതായിരിക്കും നല്ലത്. കാരണം, അത് നല്ലൊരു

തീരുമാനമായിരിക്കും. പഞ്ചായത്തീരാജ് ബില്ലിലാണ് അതിന്റെ മാറ്റം കൊണ്ടുവരേണ്ടത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ കാര്യത്തിൽ ഉന്നതതല സമിതിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് തലത്തിൽ ഒരു സമിതിയെ നിശ്ചയിച്ചിട്ടുള്ള കാര്യമാണ് ഞാൻ നേരത്തെ കെ.എസ്.എസ്.എം.എന്നുള്ള നിലയിൽ പറഞ്ഞത്. അതിനെക്കാൾ ഏറ്റവും ഉചിതം ഉന്നതതല സമിതിയെക്കൊണ്ടുതന്നെ ഈ കാര്യം അന്വേഷിക്കണമെന്നതാണ്. അത് എന്തായാലും ഉണ്ടാകുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ആ അന്വേഷണത്തിന്റെ കൂട്ടത്തിൽ ഈ പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതാണ്. അതിന് താങ്കൾ രേഖ കൈമാറണം. ആർ.ഡി.ഒ.മാർ ഈ കേസ്സൊന്നും മേലോട്ട് റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുള്ളൊരു വസ്തുതയുണ്ട്. കേസ് റിപ്പോർട്ട് ചെയ്യിപ്പിക്കാനുള്ള നടപടി വകുപ്പുതന്നെ പരിശ്രമിച്ച് ചെയ്യും. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ കൈമാറുന്ന രേഖകൾ വച്ചുകൊണ്ടുതന്നെ അന്വേഷണം നടത്തുകയും കുറ്റക്കാരായ ആർ.ഡി.ഒ.മാർക്കെതിരെ സാമൂഹ്യനീതി വകുപ്പ് ശക്തമായ നടപടിക്കാവശ്യമായിട്ടുള്ള ശിപാർശ ചെയ്യുമെന്നുകൂടി അറിയിക്കുന്നു. ജാഗ്രതാ സമിതിയുടെ കാര്യം ഒരു ചർച്ചയുടെ ഭാഗമായി

പരിശോധിക്കാവുന്നതാണ്.